**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6181** **09-11-2021 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിന് കീഴിലെ റസിഡൻഷ്യൽ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര റസിഡൻഷ്യൽ സ്കൂളുകളാണ് ഉള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 10 റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട്. 1. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ വലിയതുറ, തിരുവനന്തപുരം 2. ഡോ. വി.വി.വേലുക്കുട്ടി അരയൻ മെമ്മോറിയൽ, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, കരുനാഗപ്പള്ളി, കൊല്ലം 3. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അർത്തുങ്കൽ, ആലപ്പുഴ 4. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, തേവര, കൊച്ചി 5. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ചാവക്കാട്, പുത്തൻ കടപ്പുറം, തിരുവത്ര, തൃശ്ശൂർ 6. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, താനൂർ, മലപ്പുറം 7. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ആന്റ് വി.എച്ച്.എസ്.എസ്. ബേപ്പൂർ, കോഴിക്കോട് 8. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഗേൾസ്, കൊയിലാണ്ടി, കോഴിക്കോട് 9. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ , അഴീക്കൽ, കണ്ണൂർ 10. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ്, കാഞ്ഞങ്ങാട്, മീനാപീസ് കടപ്പുറം, കാസർഗോഡ് |
| (ബി) | കാഞ്ഞങ്ങാട് ജി.ആർ.എഫ്.ടി.എച്ച്.എസ്.-ൽ ആകെ എത്ര കുട്ടികളാണ് നിലവിൽ പഠനം നടത്തുന്നതെന്ന് അറിയിക്കുമോ; | (ബി) | 108 കുട്ടികൾ. |
| (സി) | പ്രസ്തുത സ്കൂളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ ഇലക്ട്രിക് വയറിംഗുകളിലെ അപകടകരമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.ആർ.എഫ്.ടി. എച്ച്.എസ്. കാഞ്ഞങ്ങാട് സ്കൂൾ ഹോസ്റ്റൽ റീ-വയറിംഗ് ചെയ്യുന്നതിനായി 4.38 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.ആർ.എഫ്.ടി. എച്ച്.എസ്. കാഞ്ഞങ്ങാട് സ്കൂൾ ഹോസ്റ്റൽ റീ-വയറിംഗ് ചെയ്യുന്നതിനായി 4.38 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത സ്കൂളിലെ ശൗചാലയങ്ങൾ വൃത്തിഹീനമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | (ഇ) | ശൗചാലയങ്ങൾ ഉപയോഗ യോഗ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ